# INDIAN SCHOOL AL WADI AL KABIR

## MID TERM EXAMINATION 2022- 23

## CLASS VII (2nd Lang.), MALAYALAM

## മലയാളം

**Time allowed: 2½ Hours** | **Maximum Marks: 80**

അനുവദിച്ച സമയം : 2½ മണിക്കൂർ | ആകെ മാർക്ക് : **80**

**Date: 22-09-2022**

---

❖ **Please check this question paper contains 5 printed pages and 16 questions.**

---

**1) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികകൾ വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം എഴുതുക.** **( 1 x 5 = 5 )**

ശരീരത്തിനടിയിൽ കുഞ്ഞു പഞ്ഞിപ്പൊതിയുമായി നടക്കുന്ന ചിലന്തികളെ നിങ്ങൾ കണ്ടിട്ടില്ലേ? അവയെക്കുറിച്ച് ഗ്രീക്കുപുരാണത്തിൽ ഒരു കഥയുണ്ട്. തയ്യൽ ജോലിയിൽ ആരെയും വിസ്മയിപ്പിക്കുവാൻ കഴിവുള്ള ഒരു പെൺകുട്ടി പണ്ട് ഗ്രീസിലുണ്ടായിരുന്നു. അരാക്നി എന്നായിരുന്നു അവളുടെ പേര്. നിമിഷങ്ങൾകൊണ്ട് അവൾ തുണികളിൽ തയ്ച്ചെടുക്കുന്ന ചിത്രങ്ങൾ കാണാൻ ദൂരെനിന്നുപോലും ആളുകൾ വന്നിരുന്നു.

നാളുകൾ കഴിഞ്ഞപ്പോൾ അവളിൽ അഹങ്കാരം അങ്കുരിച്ചു തുടങ്ങി. അവളെക്കുറിച്ച് പുകഴ്ത്തിപ്പറയുന്നവർക്ക് സമ്മാനം കൊടുക്കും. അല്ലാത്തവരെ സമീപത്തുനിന്നും ഓടിച്ചുകളയും. ഒരിക്കൽ ഒരു പാവം പെൺകുട്ടി അവളോട് പറഞ്ഞു: “എത്ര മനോഹരമായ തയ്യൽ! അഥീനിദേവിയിൽനിന്നായിരിക്കും നിങ്ങൾ ഈ വിദ്യ പഠിച്ചത്, അല്ലേ ? ”
അരാക്നി രോഷാകുലയായി ഗർജ്ജിച്ചു: “ അഥീനിദേവി വേണമെങ്കിൽ എന്റെ അടുക്കൽ വന്ന് പഠിക്കട്ടെ.”

ഈ ഗർജ്ജനം ദേവിയുടെ ചെവിയിലും അലച്ചു. ഒരു പടു കിഴവിയുടെ വേഷത്തിൽ ദേവി അവളുടെ സമീപത്ത് എത്തി. കുറേനേരം മറ്റുള്ളവർ പ്രശംസിക്കുന്നത് നോക്കിനിന്നു. പിന്നീട് പറഞ്ഞു: “എടീ കൊച്ചേ, നീ വായടയ്ക്ക്. നിന്റെ അഭിപ്രായം കേട്ട് അഥീനിദേവി കോപിച്ചിരിക്കയാണ്. മാപ്പപേക്ഷിക്കുകയാണെങ്കിൽ ക്ഷമിക്കും.” അതു കേട്ട അവൾ കോപം കൊണ്ട് ജ്വലിച്ചു. കിഴവിത്തള്ളയുടെ നേർക്ക് തിരിഞ്ഞു:

“ഹേ കിഴവീ, നിങ്ങളുടെ ഉപദേശമൊന്നും എന്റടുത്ത് വേണ്ട. അഥീനിദേവി തല കുത്തിനിന്ന് തപസ്സ് ചെയ്താലും എനിക്കൊപ്പം വരില്ല. വേണമെങ്കിൽ അവർ മത്സരത്തിനു

വരട്ടെ.” “ ഓഹോ അങ്ങനെയോ? എന്നാൽ മത്സരം ഇപ്പോൾതന്നെ.” ഒരു നിമിഷംകൊണ്ട് വൃദ്ധ രൂപം മാറി. ഉജ്ജ്വലകാന്തിയുള്ള ദേവിയെക്കണ്ട് അവൾ ഭയപ്പെട്ടു. എങ്കിലും പരിഭ്രമം പുറത്തു കാണിക്കാതെ അവൾ നിന്നു. അഭിമാനത്തിനു ക്ഷതമേല്ക്കുമെന്നു കരുതി മാപ്പു പറയാനോ വണങ്ങാനോ അവൾ തയ്യാറായില്ല.

**ചോദ്യങ്ങൾ**

a) ശരീരത്തിനടിയിൽ കുഞ്ഞു പഞ്ഞിപ്പൊതിയുമായി നടക്കുന്ന ചിലന്തികളെക്കുറിച്ചുള്ള കഥ ഏത് പുരാണത്തിലാണ് ഉള്ളത് ?

b) തയ്യൽ ജോലിയിൽ ആരെയും വിസ്മയിപ്പിക്കുവാൻ കഴിവുള്ള പെൺകുട്ടിയുടെ പേരെന്തായിരുന്നു ?

c) ദൂരെനിന്നു പോലും ആളുകൾ വന്നിരുന്നത് എന്തിനാണ് ?

d) അഥീനിദേവി ഏത് വേഷത്തിലാണ് അരാക്നിയുടെ സമീപത്ത് എത്തിയത് ?

e) അഥീനിദേവിയോട് മാപ്പു പറയാനോ വണങ്ങാനോ അരാക്നി തയ്യാറാകാതിരുന്നത് എന്തുകൊണ്ട് ?

**2) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** **( 1 x 10 = 10 )**

a) ‘ഒരു വിദ്യാലയ കഥ’ എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?
( കവനമേള, ബാല്യകാലസഖി, അഗ്നിച്ചിറകുകൾ )

b) മറ്റുള്ള ഭാഷകളെ എന്തായിട്ടാണ് കവി സങ്കല്പിക്കുന്നത് ?
( തൂമുത്തുകൾ, ധാത്രിമാർ, അന്യബിന്ദുക്കൾ )

c) ‘അണിഞ്ഞൊരുങ്ങൽ’ എന്ന കവിത ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു ?
( വടക്കൻപാട്ട്, തെക്കൻപാട്ട്, മാപ്പിളപ്പാട്ട് )

d) അബ്ദുൾകലാമിന്റെ ചങ്ങാതി ആരായിരുന്നു ?
( ലക്ഷ്മണശാസ്ത്രി, രാഘവശാസ്ത്രി, രാമനാഥശാസ്ത്രി )

e) 'എന്ത് ? എന്തൊക്കെ ? എങ്ങനെ ?’ എന്ന കഥ എഴുതിയതാരാണ് ?
( കുഞ്ഞുണ്ണി, തകഴി, വൈക്കം മുഹമ്മദ് ബഷീർ )

f) പാക്ഷി ലക്ഷ്മണശാസ്ത്രി ആരായിരുന്നു ?
( രാമേശ്വരം ഗ്രാമത്തിലെ മുഖ്യകച്ചവടക്കാരൻ, രാമേശ്വരം സ്കൂളിലെ പ്രധാന അദ്ധ്യാപകൻ, രാമേശ്വരം ക്ഷേത്രത്തിലെ മുഖ്യ പുരോഹിതൻ )

g) വടക്കൻപാട്ടിലെ നായിക എന്ത് കൊണ്ടാണ് കണ്ണെഴുതിയത് ?

( ചന്ദനം കൊണ്ട്, അഞ്ജനം കൊണ്ട്, കുങ്കുമം കൊണ്ട് )

h) 'സാഹിത്യമഞ്ജരി' എന്ന കൃതി എഴുതിയതാര് ?

( വള്ളത്തോൾ, കുമാരനാശാൻ, വൈലോപ്പിള്ളി )

i) ' നമുക്ക് അമൃതും അമൃതായി തോന്നുന്നത് ' ആര് പകർന്നു തരുമ്പോൾ ആണെന്നാണ് കവി പറയുന്നത് ?

( മർത്ത്യൻ , അമ്മ , വളർത്തമ്മ )

j) "ഞാൻ കയറുമ്പോൾ ചില്ലയൊടിയില്ലേ....? " ആരാണ് ഇങ്ങനെ ചോദിക്കുന്നത് ?

( കൊച്ചുപൂച്ച, തള്ളപ്പൂച്ച, നായ )

**3) അർത്ഥം എടുത്തെഴുതുക** **( ½ x 8 = 4 )**

a) പരിവർത്തനം ( തുല്യത, പുതിയത്, മാറ്റം )

b) അഴക് ( കാഴ്ച, ഭംഗി, പരിശുദ്ധി )

c) മർത്ത്യൻ ( രാജാവ്, ചന്ദ്രൻ, മനുഷ്യൻ )

d) മെയ്യ് ( ശരീരം, തല, കാല് )

e) കൂറ്റൻ ( കുറിയ, വലിയ, പതിയെ )

f) വക്ത്രം ( ചിരി, ക്ഷീണം, മുഖം )

g) ഖേദിച്ചു ( ഓർമ്മിച്ചു, ദു:ഖിച്ചു, കരഞ്ഞു )

h) ചമയുക ( ഒരുങ്ങുക, അഴിയുക, തഴയുക )

**4) പര്യായപദങ്ങൾ എടുത്തെഴുതുക** **( 1 x 4 = 4 )**

a) മരം ( വൃക്ഷം, ആഴി, മാരി, തരു )

b) ചങ്ങാതി ( തനയൻ, സുഹൃത്ത്, കൂട്ടുകാരൻ , തമ്പി )

c) പൊന്ന് ( ആതപം, കനകം , കാഞ്ചനം, ഗൃഹം )

d) കണ്ണ് ( നയനം, ഹാസം, പാൽ, മിഴി )

**5) ശരിയായ വാക്കുകൾ തിരഞ്ഞെടുത്തെഴുതുക** **( ½ x 8 = 4 )**

a) അത്തായം / അത്താഴം / അത്താരം

b) രണ്ടക്ഷരം / രണ്ടക്ഷാരം / രണ്ടഷരം

c) ചന്ദനാക്കല്ല് / ചന്ദനകല്ല് / ചന്ദനക്കല്ല്

d) തർക്കുത്താരം / തർക്കുത്തരാം / തർക്കുത്തരം

e) രാമായണം / രാമായനം / രാമായന്നം

f) ആത്യന്ദികം / ആത്യന്തികം / ആത്യന്ധികം

g) ഉൾത്തോാൻ / ഉൾതേൻ / ഉൾത്തേൻ

h) ഖേദിച്ചു / ഗേദിച്ചു / ഘേദിച്ചു

**6) വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക** **( 1 x 4 = 4 )**

a) രാമനാഥശാസ്ത്രിക്കും / തോന്നി / വലിയ ദുഃഖം / അപ്പോൾ / എനിക്കും

b) തന്റെ തെറ്റ് / ചെറുപ്പക്കാരനായ / അപ്പോൾ / മനസ്സിലായി / ആ അധ്യാപകന്

c) താഴെ വീഴുകയും / മരംകേറ്റം / ചെയ്തു / അറിയാത്തതിനാൽ

d) കടന്നു കൂടിയിരിക്കുകയാണ് / ഒരു വലിയ ചിന്ത / അവളുടെ മനസ്സിൽ

**7) എതിർലിംഗം എഴുതുക** **( ½ x 6 = 3 )**

a) പുരോഹിതൻ ( പുരോഹിതർ, പുരോഹിത, പുരോഹിതി )

b) ബാലിക ( ബാലികി, ബാലകി, ബാലൻ )

c) കള്ളി ( കള്ളൻ, കള്ളം, കള്ളത്തരം )

d) പിതാവ് ( മാനിനി, മാതാവ്, മാതുല )

e) നിഷ്കളങ്കൻ ( നിഷ്കളങ്ക, നിഷ്കളങ്കർ, നിഷ്കളങ്കം )

f) മടിയൻ ( മടയി, മടയ, മടിച്ചി )

**8) വിപരീതപദം എഴുതുക** **( ½ x 6 = 3 )**

a) സമത്വം b) ഭാഗ്യം

c) പൂർണം d) രക്ഷ

e) മുന്നിൽ f) അരികെ

**9) വിഗ്രഹിക്കുക** **( ½ x 4 = 2 )**

a) ചിത്തതാര് b) ചന്ദനക്കുറി

c) പൂക്കുലഞൊറി d) സ്വഭാഷ

**10) ഒറ്റപ്പദമെഴുതുക** **( ½ x 4 = 2 )**

a) ഉള്ളിലെ തേൻ

b) മെയ്യിൽ അണിയുന്ന ആഭരണം

c) കുങ്കമം കൊണ്ട് തൊട്ട പൊട്ട്

d) പൂർണമായ വളർച്ച

**11) ചേർത്തെഴുതുക** **( ½ x 4 = 2 )**

a) വളരെ + കാലം

b) പച്ച + ഓല

c) ആപത്ത് + ആണ്

d) തള്ള + പൂച്ച

**12) പിരിച്ചെഴുതുക** **( ½ x 4 = 2 )**

a) മാലയല്ലോ

b) ചെറുപ്പക്കാരനായ

c) ചില്ലയൊടിഞ്ഞു

d) നാളെത്തന്നെ

**13) 1 മുതൽ 10 വരെയുള്ള എണ്ണൽസംഖ്യകൾ മലയാളത്തിൽ എഴുതുക.** **( 5 )**

**14) ദിക്കുകളുടെ പേര് മലയാളത്തിൽ എഴുതുക.** **( 2 )**

**15) ഋതുക്കൾ ഏതെല്ലാമെന്ന് മലയാളത്തിൽ എഴുതുക.** **( 3 )**

**16) ഏതെങ്കിലും <u>10 ചോദ്യങ്ങൾക്ക്</u> ഉത്തരം എഴുതുക.** **( 2½ x 10 = 25 )**

a) എങ്ങനെയുള്ള പട്ടാണ് വടക്കൻപാട്ടിലെ നായിക ഞൊറിഞ്ഞുടുക്കുന്നത് ?

b) അബ്ദുൾകലാമിന്റെ ഉള്ളിൽ മായാതെ കിടന്നതെന്ത് ?

c) കൊച്ചുപൂച്ചയ്ക്ക് ഉറക്കം വരാതിരുന്നതിന് കാരണമെന്ത് ?

d) 'മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം ചുണ്ടിൽ ' എന്തൊക്കെയാണ് സമ്മേളിക്കുന്നത് ?

e) ലക്ഷ്മണശാസ്ത്രി അദ്ധ്യാപകനോട് ആവശ്യപ്പെട്ടത് എന്ത് ?

f) ചന്ദനക്കല്ലിന്റെ അരികിൽ ചെന്ന് നായിക എന്താണ് ചെയ്തത് ?

g) അദ്ധ്യാപകൻ കലാമിനോട് ആവശ്യപ്പെട്ടത് എന്ത് ?

h) അമ്മ മണിപ്പൂച്ചയെ പഠിപ്പിക്കാൻ ഉദ്ദേശിച്ച പാഠം എന്ത് ?

i) നായിക കഴുത്തിൽ അണിഞ്ഞിരിക്കുന്ന മാലയുടെ പ്രത്യേകതയെന്ത് ?

j) 'മണിപ്പൂച്ച മടിയൻ പൂച്ചയാണ്.' എന്തുകൊണ്ട് ?

k) വടക്കൻപാട്ടിലെ സുന്ദരി അണിഞ്ഞിരിക്കുന്ന വള എങ്ങനെയുള്ളതാണ് ?

l) പൈതങ്ങൾ പൂർണ്ണ വളർച്ച നേടണമെങ്കിൽ എന്ത് നുകരണമെന്നാണ് കവി പറയുന്നത് ?

m) അനുഭവത്തിൽ നിന്ന് കൊച്ചുപൂച്ച പഠിച്ചതെന്ത് ?

***